(ബി) ഊർജ്ജ സംരക്ഷണം പാഠ്യപദ്ധതിയുടെ ഭാഗമാക്കി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പ്രാദേശിക കൂട്ടായ്മകളിലൂടെ ഊർജ്ജ സംരക്ഷണം സാദ്ധ്യമാക്കുക എന്നതാണ് എനർജി സ്മാർട്ട് സ്കൂൾ പരിപാടിയുടെ ലക്ഷ്യം.

(സി) കേരളത്തിലെ എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

1. ഊർജ്ജ സംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ
2. അദ്ധ്യാപക പരിശീലന പരിപാടികൾ
3. പാഠ്യവിഷയങ്ങളിലൂടെ പ്രായോഗിക പരിജ്ഞാനം
4. ഊർജ്ജ സംരക്ഷണ മത്സരപരിപാടികൾ

കേന്ദ്രപൂളിൽനിന്നും വൈദ്യുതി എക്സ്ചേഞ്ചിൽനിന്നും ലഭിക്കുന്ന വൈദ്യുതി

4 (7840) ശ്രീ. എ. കെ. ബാലൻ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേന്ദ്ര പൂളിൽ നിന്നും വൈദ്യുതി എക്സ്ചേഞ്ചിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇതിന് എന്ത് ക്രമീകരണമാണ് ഉണ്ടാക്കിയിട്ടുള്ളത് ;

(സി) വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതിന് പ്രസരണ ഇടനാഴി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ടി വർഷം കേന്ദ്രപൂളിൽനിന്നും കെ.എസ്.ഇ.ബി.-യുടെ പെരിഫെറിയിൽ പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ എനർജി എക്സ്ചേഞ്ച്, വൈദ്യുതി വ്യാപാരികൾ, മറ്റ് മേഖലയിലുള്ള വൈദ്യുതി ഉത്പാദകർ തുടങ്ങിയ വിവിധ സ്രോതസ്സുകളിൽനിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ പ്രതിദിനം ശരാശരി 12 ദശലക്ഷം യൂണിറ്റോളം വൈദ്യുതി വാങ്ങിക്കുന്നതിനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി&ഡി) വിവിധ വൈദ്യുതി വ്യാപാരികളിൽനിന്ന് ഹ്രസ്വകാലാടിസ്ഥാനത്തിൽ 1500 മെഗാവാട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ഇടനാഴിയുടെ അപര്യാപ്തമൂലം മറ്റു മേഖലകളിൽനിന്ന് വൈദ്യുതി എത്തിക്കുന്നതിന് ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടുവരുന്നതിനുവേണ്ടി പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന വിവിധ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്:

1. മീഡിയം ടേം ഓപ്പൺ അക്സസ്, ഷോർട്ട് ടേം ഓപ്പൺ അക്സസ് ഇവ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് രണ്ട് പരാതികൾ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.
2. കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരളം ഉൾപ്പെടെയുള്ള എസ് 2 മേഖലയിൽനിന്നും വാങ്ങുന്നതിനും അങ്ങനെ പ്രസരണ ഇടനാഴിയുടെ അപര്യാപ്തമൂലമുള്ള പ്രതിസന്ധി പരിഹരിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.
3. കേന്ദ്രപൂളിൽനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികൾ എടുത്തുവരുന്നു.

ഊർജ്ജ സംരക്ഷണ പദ്ധതികൾ

5 (7841) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;